# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4373 25.06.2019 -ൽ മറുപടിക്ക്

**നടുവണ്ണൂർ-മന്ദൻ കാവ്-ഊരള്ളൂർ-മുത്താമ്പി റോഡ് നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നടുവണ്ണൂർ-മന്ദൻകാവ്-ഊരള്ളൂർ-മുത്താമ്പി റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ; | (എ) നടുവണ്ണൂർ - മന്ദൻകാവ് - ഊരണ്ണൂർ - മുത്താമ്പി റോഡ് (10 കി.മീ - 10 കോടി) 2018-2019 -ൽ സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഹൈവേ മന്ത്രാലയത്തിൽ നിന്നും ഭരണാനുമതിയും സംസ്ഥാന സർക്കാരിൽ നിന്നും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ദേശീയപാതാവിഭാഗത്തിൽ നിന്നും സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23/02/2019-ൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 25-02-2019-ന് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ, കരാറുകാരനായ ULCCS - ക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടുന്ന പ്രവൃത്തി നടന്നു വരുന്നതിനാൽ കരാർ ഉടമ്പടി ഒപ്പ് വെയ്ക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് |

| | | |
|---|---|---|
| | | മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയും ഉടൻ തന്നെ കരാർ ഉടമ്പടി വെക്കാമെന്ന് ULCCS ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നടുവണ്ണൂർ മന്ദൻ കാവിലെ കീഴ്ക്കോട്ട് കടവിലെ ഗതാഗതയോഗ്യമല്ലാതായി തീർന്ന രണ്ട് പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) നടുവണ്ണൂർ മന്ദൻകാവിലെ കീഴ്ക്കോട്ട് കടവ് റോഡിൽ ഗതാഗത യോഗ്യമല്ലാത്ത പാലങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**